തോട്ടം തൊഴിലാളികൾക്കുള്ള ചികിൽസാ സൗകര്യങ്ങൾ

* 101 [103] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ, തേയിലത്തോട്ടം മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിയമാനുസൃതവും അർഹവുമായ ചികിൽസാസൗകര്യങ്ങൾ ലഭ്യമാകുന്നില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

റബ്ബർ, തേയിലത്തോട്ടം മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിയമാനുസൃതവും അർഹവുമായ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാകുന്നില്ല എന്ന ആരോപണം ശരിയല്ല. ഭൂരിഭാഗം തോട്ടങ്ങളിലും നിയമാനുസൃതമായ ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഒരു ന്യൂനപക്ഷം തോട്ടങ്ങളിൽ മാത്രമേ അപ്രകാരം ലഭിക്കുന്നില്ല എന്ന പരാതിയുള്ളു. ഈ വിഭാഗത്തിൽപ്പെട്ട തോട്ടമുടമകളെക്കൊണ്ട് തൊഴിലാളികൾക്ക് നിയമാനുസൃതം കൊടുക്കേണ്ട ചികിൽസാ സൗകര്യങ്ങൾ കൊടുപ്പിക്കുന്നതിനു വേണ്ട നിയമ നടപടികൾ അപ്പോഴപ്പോൾ സ്വീകരിക്കുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. യിലെ അംഗീകൃത യൂണിയനുകൾ

* 102 [104] ശ്രീ. എ. കെ. ശശീന്ദ്രൻ:

,, കെ. ശങ്കരനാരായണ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യിൽ ഇപ്പോൾ എത്ര യൂണിയനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം യൂണിയനുകൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്;

(സി) കെ. എസ്. ആർ. ടി. സി. യിൽ യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിന്റെ മാനദണ്ഡം എന്താണ്?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഒരു യൂണിയന്.

(ബി) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് അസോസിയേഷൻ.

(സി) ഹിത പരിശോധനയിലൂടെ ഇരുപതു ശതമാനമോ അതിൽ കൂടുതലോ ജീവനക്കാരുടെ പിൻബലമുള്ളതായി തെളിഞ്ഞ യൂണിയന് അംഗീകാരം നൽകി.

LIBRARY ARCHIVES Kerala Legislative Assembly